ആർ ബി ഐ/2006-07/92
എ പി (ഡിഐആർ സീരീസ്) സർക്കുലർ നം. 4
2006, ജൂലൈ 28

എല്ലാ കാറ്റഗറി 1 അംഗീകൃത ഡീലർ ബാങ്കുകളുടെയും അറിവിലേക്ക്

മാഡം/സർ

**ഡെറിവേറ്റീവ് വിഭാഗത്തിലുള്ള ഇടപാടുകൾക്കായി വിദേശ നിക്ഷേപക സ്ഥാപനങ്ങൾ (FII) നൽകേണ്ട ഈടിനെക്കുറിച്ച്**

നോട്ടിഫിക്കേഷൻ FEMA 120/RB- 2004 (2004 ജൂലൈ 7) അനുസരിച്ചുള്ള ഫോറിൻ എക്സചേഞ്ച് മാനേജ്മെന്റ് (ട്രാൻസ്ഫർ / ഇഷ്യു ഓഫ് ഫോറിൻ സെക്യൂരിറ്റി) റഗുലേഷൻ, FEMA 20/ 200-RB (2000 മേയ് 30) അനുസരിച്ച് പുറപ്പെടുവിച്ച ഫോറിൻ എക്സചേഞ്ച് മാനേജ്മെന്റ് (ട്രാൻസ്ഫർ ഓർ ഇഷ്യു ഓഫ് സെക്യൂരിറ്റി ബൈ എ പേഴ്സൺ റസിഡന്റ് ഔട്ട്സൈഡ് ഇന്ത്യ) റഗുലേഷൻസ് 200, എന്നിവയുടെ കാലാകാലങ്ങളിൽ പുതുക്കിയ പതിപ്പുകളിലേക്ക് അംഗീകൃത ഡീലർ (കാറ്റഗറി-1AD) ബാങ്കുകളുടെ ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു.

2. എ എ എ റേറ്റിംഗ് ഉള്ള വിദേശ സോവറിൻ സെക്യൂരിറ്റികൾ ഡറിവേറ്റിവ് വിഭാഗത്തിലെ ഇടപാടുകൾക്ക് ഈടായി ഇന്ത്യയിലെ അംഗീകൃത സ്റ്റോക്ക് എക്സ്ചേയ്ഞ്ചുകൾക്ക് നൽകുവാൻ എഫ് ഐ ഐ കളെ അനുവദിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഈ തീരുമാനം ഭാരതസർക്കാരുമായും സെക്യൂരിറ്റീസ് ആന്റ് എക്സൈഞ്ച് ബോർഡ് ഓഫ് ഇൻഡ്യയുമായി (**സെബി**) കൂടിയാലോചിച്ച് എടുത്തതാണ്. ഈ കാര്യത്തിലുള്ള നിർവഹണ നിർദ്ദേശങ്ങൾ സെബി പ്രത്യേകമായി ഇറക്കുന്നതാണ്. അതിനുശേഷം ഭാരതത്തിലെ അംഗീകൃത സ്റ്റോക്ക് എക്സ്ചേയ്ഞ്ചുകൾക്ക് ഫെമ നിയമം-1999 പ്രകാരം, ആർ ബി ഐ, വിദേശ വിനിമയ വകുപ്പ് (കേന്ദ്ര ഓഫീസ്, മുംബൈ 400001) യെ എഫ് ഇ എം എ പ്രത്യേക അംഗീകാരങ്ങൾക്കായി സമീപിക്കുന്നതാണ്.

3. 2000 മെയ് 3 ാം തീയിയിലെ നോട്ടിഫിക്കേഷൻ FEMA 20/2000 ആർ ബി അറിയിപ്പ് പ്രകാരം വിദേശ വിനിമയ മാനേജ്മെന്റ് (ഇൻഡ്യയ്ക്ക് പുറത്ത് താമസിക്കുന്നയാൾ നടത്തുന്ന സെക്യൂരിറ്റി പുറത്തിറക്കൽ അഥവാ കൈമാറ്റം) നിയന്ത്രണം 2000 ലെ ഭേദഗതികൾ പ്രത്യേകമായി പുറത്തിറക്കുന്നതാണ്.

4. അംഗീകൃതഡീലർ ബാങ്കുകൾ ഈ സർക്കുലറിന്റെ ഉള്ളടക്കം ഇടപാടുകാരേയും ബന്ധപ്പെട്ടവരെയും അറിയിക്കേണ്ടതാണ്.

5. വിദേശവിനിമയ മാനേജ്മെന്റ് നിയമം, 1999 (42 ഓഫ് 1999) ലെ സെക്ഷൻ 10(4) സെക്ക്ഷൻ 11(1) എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നത്. മറ്റ് ഏതെങ്കിലും നിയമം അനുശാസിക്കുന്ന അനുവാദത്തിനോ അംഗീകാരത്തിനോ ഈ നിർദ്ദേശങ്ങൾ തടസ്സമാകുന്നില്ല.

വിശ്വസ്തതയോടെ

സലിം ഗംഗാധരൻ

ചീഫ് ജനറൽ മാനേജർ ഇൻ ചാർജ്ജ്